(സി) ഈ വർഷം അവിടെ പുതിയതായി കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യക്തമാക്കാം ;
പട്ടികജാതിക്കാർ — 5202
പട്ടികവർഗ്ഗക്കാർ—1 (ഒന്ന്)

(ബി) അംഗീകരിക്കപ്പെട്ട ഹരിജൻ സെറ്റിൽമെന്റുകൾ ഇല്ല.

(സി, ഡി, ഇ) ഓരോ പ്രദേശത്തും അധിവസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും മുൻഗണനയ്ക്ക് മാനദണ്ഡമായി സ്വീകരിച്ച് ജില്ലാകളക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

മടവൂർ പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ സെറ്റിൽമെന്റ് കോളനികൾ

1523. [2278] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ മടവൂർ പഞ്ചായത്തിൽ 1981-ലെ ജനസംഖ്യ അനുസരിച്ച് എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ ഇതിനകം അംഗീകരിക്കപ്പെട്ടിട്ടുള്ള ഹരിജൻ സെറ്റിൽമെന്റ് കോളനികൾ എത്ര ;

(സി) ഈ വർഷം ഇനിയും പുതിയതായി അവിടെ കോളനികൾ ഏതെങ്കിലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്ത് ?

ഉത്തരം

(എ) വ്യക്തമാക്കാം :
പട്ടികജാതിക്കാർ —2168
പട്ടികവർഗ്ഗക്കാർ—ഇല്ല.

(ബി) 7 (ഏഴ്)

(സി, ഡി, ഇ) ഓരോ പ്രദേശത്തും അധിവസിക്കുന്ന ഹരിജൻ കുടുംബങ്ങളുടെ എണ്ണവും ടി പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയും മുൻഗണനയ്ക്ക് മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ജില്ലാകളക്ടർ ചെയർമാനായുള്ള അതാതു ജില്ലാ വർക്കിംഗ് ഗ്രൂപ്പാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ഫിനാൻസ് സെക്രട്ടേറിയറ്റിലെ ഗസറ്റഡ് തസ്തികകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം

1524. [2279] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിനാൻസ് സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ എത്ര എസ്. സി/എസ്. ടി. ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗസറ്റഡ് തസ്തികകളിൽ എസ്. എസ്.സി. ടി. ക്ക് പ്രസ്തുത വകുപ്പിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ പ്രാധിനിധ്യക്കുറവ് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) എസ്. സി.—6
എസ്. ടി.—1

(ബി) ഇല്ല. (പട്ടികജാതിയിലുള്ള രണ്ടു പേരുടെ കുറവുണ്ട്)

(സി) പബ്ലിക് സർവ്വീസ് കമ്മീഷനെ ഈ രണ്ട് ഒഴിവുകൾ അറിയിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് മുഖേന തെരഞ്ഞെടുക്കുന്നതിനു വേണ്ട നടപടികൾ നടത്തിവരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുണ്ട്. പി. എസ്. സി. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തയച്ചാൽ ഉടനെ നിയമനം നടത്തുന്നതാണ്.

സംസ്ഥാനത്തെ രോഗികൾ

1525. [2280] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-10-1986-ൽ സംസ്ഥാനത്ത് ക്ഷയരോഗികൾ, കുഷ്ഠരോഗികൾ, മാനസികരോഗികൾ, മന്ത്-മലംപനിരോഗികൾ എന്നിവർ എത്ര വീതം ;

(ബി) ഇവർ ജനസംഖ്യയുടെ എത്ര ശതമാനം വീതമാണ് ;

(സി) ഈ രോഗികളുടെ എണ്ണം സംസ്ഥാനത്ത് കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത് ;

(ഡി) ഇത്തരം രോഗങ്ങൾ തടയാൻ പ്രത്യേക നടപടി എടുക്കുമോ ?

ഉത്തരം

(എ & ബി)

രോഗം	എണ്ണം	ശതമാനം
ക്ഷയരോഗികൾ	51437	0.2
കുഷ്ഠരോഗികൾ	1.6 ലക്ഷം	0.6
മാനസികരോഗികൾ	1619	0.006
മന്തുരോഗികൾ	824500	3.2
മലംപനി	2598	0096

(സി) കുറയുകയാണ്.

(ഡി) എടുക്കുന്നുണ്ട്.

തിരുവനന്തപുരത്തെ കെമിക്കൽ എക്സാമിനേഷൻ ലാബറട്ടറി

1526. [2282] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടനുഭവിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരത്തെ കെമിക്കൽ എക്സാമിനേഷൻ ലാബറട്ടറിക്ക് പുതുതായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വഴുതക്കാട് ഫോറൻസിക് ലാബറട്ടറി കെട്ടിടത്തിൻെറ ഭൂരിഭാഗവും ഒഴിഞ്ഞുകിടക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ മറെറാരു കെട്ടിടം നിർമ്മിക്കുന്നതുവരേയും കെമിക്കൽ ലാബറട്ടറി അങ്ങോട്ട് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly